**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ സംരംഭകത്വത്തിന് അപെക്സ് കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പ് കൃഷി വകുപ്പുമായി സഹകരിച്ച് കാർഷികാഭിവൃദ്ധിക്കുള്ള പദ്ധതികളും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങളും പ്രാവർത്തികമാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ; | (എ) | കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 26.10.2020 ലെ സ.ഉ.(കൈ)80/2020/കൃഷി നമ്പർ ഉത്തരവ് പ്രകാരം 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് എന്ന പേരിൽ പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുകയും ആയതിൻപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെയും ഏകോപിപ്പിച്ചുകൊണ്ട് കാർഷിക വകുപ്പിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.പ്രസ്തുത ഉത്തരവ് പ്രകാരം പച്ചക്കറികളുടെ വിപണിവില അടിസ്ഥാന വിലയെക്കാൾ കുറയുമ്പോൾ കർഷകരിൽ നിന്നും കാർഷികോൽപന്നങ്ങൾ അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷികോൽപന്നങ്ങളുടെ സംഭരണ ഏജൻസികളായി 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത് സർക്കാർ ഉത്തരവാകുന്നതിലേയ്ക്ക് സംഘങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്നുള്ള കൃഷി വകുപ്പിൽ നിന്നുള്ള നിർദ്ദേശപ്രകാരം ജില്ലകളിൽ നിന്നും ലഭിച്ചിട്ടുള്ള 251 സംഘങ്ങളുടെ ലിസ്റ്റ് കൃഷിവകുപ്പിന് കൈമാറിയിട്ടുണ്ട്.<br><br>ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു |

പദ്ധതി രൂപികരിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ തുടർച്ചയായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുക. ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ തിരഞ്ഞെടുത്ത 7 ജില്ലകളായ തിരുവനന്തപുരം, ആലപ്പുഴ ,ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്). ഈ പദ്ധതി പ്രകാരം കാർഷിക മേഖലയിലെ പ്രാഥമിക പ്രവർത്തനങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്.പദ്ധതിയുടെ നോഡൽ ഏജൻസിയായ കൃഷി വകുപ്പുമായി സഹകരിച്ച് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (PACS), മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പക്സ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സഹായമാകുന്നു.

മേൽപരാമർശിച്ചവ കൂടാതെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന ലക്ഷ്യത്തോടെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുക ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരി മിൽ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 36 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ്, പ്രോസസ്സിംഗ്&മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപതം നമ്പർ പി.1449 (PAPCOS) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മേൽ പ്രകാരമുള്ള

| | | | |
|---|---|---|---|
| | | | അതേ ഉദ്ദേശ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കേരള പാഡി പ്രോക്യുർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505(KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് –"സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി". പദ്ധതി നടത്തിപ്പിനായി 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും നടപ്പാക്കുന്നത് 7 ഉപഘടകങ്ങളായിട്ടുമാണ്. |
| (ബി) | കാർഷിക അടിസ്ഥാന സൗകര്യ നിധി പദ്ധതിയിൽ വിവിധ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ആയിരത്തി മുന്നൂറ് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; സംരംഭങ്ങളുടെ വിശദ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് കോഫി പ്രോസസ്സിംഗ്, റബ്ബർ സംസ്കരണം, നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും, നെല്ലും അതിന്റെ സംസ്കരണവും, ഭക്ഷ്യ സംസ്കരണം മഞ്ഞൾ- പാഷൻ ഫ്രൂട്ട്- പൈനാപ്പിൾ/ചക്ക- മാങ്ങയും വാഴപ്പഴം, മരച്ചീനിയും മറ്റ് ട്യൂബർക്രോപ്പുകളും, കാർഷിക നഴ്സറി, ജൈവവളം, ബയോ കൺട്രോൾ ലാബ്, കോൾഡ് സ്റ്റോറേജ് / നിയന്ത്രിത അന്തരീക്ഷ താപനില മുറി, റൈപ്പണിംഗ് ചേംബർ/ പ്രീ കൂളിംഗ് ചേംബർ, കസ്റ്റം ഹയറിംഗ് യൂണിറ്റുകൾ-കാർഷിക പരിശീലനവും സേവന കേന്ദ്രവും അഗ്രികൾച്ചറൽ മെഷിനറി/ ഡ്രോൺ, അരിക്കാനട്ട് സംസ്കരണം, ഓൺലൈൻ പോർട്ടലും ഇ-മാർക്കറ്റിംഗ്-സർവീസ്-ലോജിസ്റ്റിക് സൗകര്യവും, സോളാർ പ്രോജക്ടുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സഹകരണ മേഖലയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ധാരാളം സംരഭങ്ങൾ ആരംഭിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ സെൻട്രൽ പി എം യു പോർട്ടലിൽ 710 കോടി രൂപ ധനസഹായം ആവശ്യമായിട്ടുള്ളതും 902 കോടി രൂപ പദ്ധതി ചെലവ് വരുന്നതുമായ 420 അപേക്ഷകൾ സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുണ്ട്.ടി അപേക്ഷകളിൽ 27 |

| | | | |
|---|---|---|---|
| | | | അപേക്ഷകളിലായി 87.46 കോടി രൂപയുടെ പ്രോജക്ടുകൾ സമർപ്പിച്ചതിൽ 69.09 കോടി രൂപയുടെ വായ്പ തുകയും വിതരണം ചെയ്തു. പദ്ധതി സംബന്ധിച്ച വിശദമായ ഡി പി ആർ വിവിധ പ്രോജക്ട് കൺസൾട്ടന്റുമാർ മുഖാന്തിരം തയ്യാറാക്കി സഹകരണ സ്ഥാപനങ്ങളായ ACSTI, ICM -തിരുവനന്തപുരം, ICM- കണ്ണൂർ എന്നിവയുടെ മേൽനോട്ടത്തിൽ സ്റ്റേറ്റ് പി എം യു മുഖാന്തിരം സെൻട്രൽ പി എം യു പോർട്ടലിൽ സമർപ്പിക്കുന്നു. |
| (സി) | അതിജീവന സാധ്യത മനസ്സിലാക്കി ഏറ്റെടുക്കാവുന്ന സംരംഭങ്ങൾ സംബന്ധിച്ച് നിർദേശം നൽകുന്നതിനും സംഘങ്ങളെ സംരംഭകത്വത്തിന് പ്രേരിപ്പിക്കുന്നതിനും അപെക്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ